<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19**      **08-08-2023 - ൽ മറുപടിയ്ക്ക്**

**<u>തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവുനായശല്യം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | തെരുവുനായ്ക്കളുടെ വംശവർധന നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23.08.2022 ത സ.ഉ (സാധാ) 2065/2022/തസ്വഭവ നമ്പരായ ഉത്തരവ് പുറപ്പെടുവിക്കുകയും 15.09.2022 ലെ സ.ഉ (സാധാ) 2244/2022/തസ്വഭവ 29.09.2022 ലെ സ.ഉ (സാധാ) 2376/2022 തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുക പ്രകാരം അടിയന്തിര തുടർ നടപടിക സ്വീകരിക്കുന്നതിന് നിർദ്ദേശ നൽകിയിട്ടുള്ളതുമാണ്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ അടിയന്തിര പ്രാധാന്യത്തോടെ പ്രതിരോ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയു തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞ നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സ ക്യാംപയിൻ തുടങ്ങിയവ സംഘടിപ്പിക്കുകയു കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടിക സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂട്ടത എ.ബി.സി കേന്ദ്രങ്ങൾ സജ്ജീകരി പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷ യജ്ഞം നടപ്പിലാക്കുന്നതിനുമായി പദ്ധത രൂപീകരണം/പുതുക്കലിന് അനുമതി നൽകുകയു |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്തങ്ങൾ വിശദമാക്കുയും ചെയ്തിട്ടുണ്ട്. |
| (ബി) | തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സമായ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്ര ചട്ടങ്ങളിൽ നിലവിലുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സമായ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>2023 ലെ എ.ബി.സി റൂൾസിലെ 3(1) (2) പ്രകാരം എ.ബി.സി പ്രോജക്ട് നടത്തുന്നതിന് AWBI യുടെ അനുമതി ലഭിച്ചിരിക്കണം.<br><br>ഓരോ എ.ബി.സി കേന്ദ്രവും പ്രവർത്തിക്കുന്നതിന് ആവശ്യമായ Project Recognition ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്ന് നേടേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എ.ബി.സി പദ്ധതികൾ, പുതുക്കിയ എ.ബി.സി റൂൾ പ്രകാരം ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ കീഴിലുള്ള Project Recognition Committee യുടെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ.<br><br>റൂൾ 3(8) പ്രകാരം അപേക്ഷകൻ ഗവൺമെന്റ് അതോറിറ്റിക്ക് നൽകുന്ന അനുഭവ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഒപ്പം വിന്യസിക്കാൻ നിർദ്ദേശിക്കുന്ന ഒരു വെറ്ററിനറി ഡോക്ടർക്ക് ഇന്ത്യയിൽ എവിടെയെങ്കിലും കുറഞ്ഞത് 2000 ആനിമൽ ബർത്ത് കൺട്രോൾ സർജറികൾ നടത്തിയ പരിചയവും ഉണ്ടായിരിക്കണം.<br><br>റൂൾ 10 (5) അനുസരിച്ച് ലോക്കൽ അതോറിറ്റിക്ക് ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം സ്വന്തം ജീവനക്കാരെ വച്ച് നടത്തുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ഉണ്ടായിരിക്കേണ്ടതാണ്.<br><br>സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പദ്ധതി മോണിട്ടർ ചെയ്യുന്നതിന് പുതിയ കമ്മിറ്റികൾ ചട്ടപ്രകാരം രൂപീകരിക്കണം<br><br>സി.സി.ടി.വി, ഇൻസിനറേറ്റർ എന്നിവ അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും എ.ബി.സി സെന്ററിൽ ക്രമീകരിക്കണം. |
| (സി) | സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ചട്ടത്തിൽ ഭേദഗതി അനിവാര്യമാണെന്ന കാര്യം കേന്ദ്ര സർക്കാരിനെ | (സി) | ഭേദഗതി ചെയ്ത എ.ബി.സി റൂളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് കേന്ദ്ര സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ബോധ്യപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ; | | |
| (ഡി) | തെരുവുനായശല്യത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനായി കേന്ദ്ര ചട്ടങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | കേന്ദ്ര ചട്ടങ്ങളിലെ ഭേദഗതി ആവശ്യം ബഹു. കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പേവിഷബാധയുള്ളതോ അപകടകാരികളോ ആയ തെരുവുനായ്ക്കളെ ദയാവധത്തിന് വിധേയമാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്ഥാപനം സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച കോടതി നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | സർക്കാർ ബഹു: സുപ്രീം കോടതിയെ സമീപിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല.<br><br>പ്രസ്തുത ആവശ്യം സംബന്ധിച്ച് കണ്ണൂർ ജില്ലാ പഞ്ചായത്ത് ബഹു. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. ഈ ഹർജി ബഹു. സുപ്രീം കോടതി 2023 ഓഗസ്റ്റ് 16 ന് പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ